**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം ,തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം-പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലെ ജീവനക്കാർക്ക് 1/3rd ഹയർ ഗ്രേഡ് അനുവദിച്ചതിൽ - ഭേദഗതി വരുത്തി-ഉത്തരവ് -പുറപ്പെടുവിക്കുന്നു -

പരാമർശം:- 1. 03/06/2023 ലെ ഇതേ നമ്പർ ഉത്തരവ് .

2.ശ്രീമതി.സരസ്വതി.ജി-യും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1674/2023 നമ്പർ കേസ്.

**ഉത്തരവ് നം : DHS/10431/2023-FWA5തിയതി : 24-04-2024**

ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് പരാമർശം 1 പ്രകാരം ജീവനക്കാർക്ക് 1/3rd ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവായിരുന്നു. മേൽ പരാമർശം ഉത്തരവ് 1 -ന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സരസ്വതി.ജി യും മറ്റുള്ളവരും ചേർന്ന് പരാമർശം 2 പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്തിരിക്കുന്നു.

ശ്രീമതി.സരസ്വതി.ജി യും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത കേസിൽ, സീനിയോരിറ്റി പട്ടിക പ്രകാരം തങ്ങളേക്കാൾ ജൂനിയർ ആയ ജീവനക്കാർക്ക്, തങ്ങൾക്ക് സ്ഥാനക്കയറ്റം അനുവദിച്ച തീയതിയെക്കാളും മുന്നിലുള്ള തീയതിയിൽ 1/3rd ഹയർ ഗ്രേഡ് അനുവദിച്ചു എന്നതാണ് പരാമർശം 2 പ്രകാരമുള്ള കേസിന് ആധാരം. ആയതിൻ പ്രകാരം പരാമർശം 2 പ്രകാരമുള്ള കേസിലെ അപേക്ഷകർക്ക് 1/3rd ഹയർ ഗ്രേഡ് അനുവദിച്ചിരിക്കുന്ന തീയതി പുനഃപരിശോധിച്ച് ഉചിതമായ ഉത്തരവ് നൽകണമെന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിച്ചിരിക്കുന്നു.

പ്രസ്തുത നിർദ്ദേശ പ്രകാരം മേൽ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരമുള്ള കേസിലെ അപേക്ഷകരായ ശ്രീമതി.സരസ്വതി.ജി-ക്കും മറ്റുള്ളവർക്കും 1/3rd ഹയർ ഗ്രേഡ് അനുവദിച്ചിരിക്കുന്നത് ശരിയായ തീയതിയിലാണെന്നും. എന്നാൽ പരാമർശം 1 പ്രകാരമുള്ള ഉത്തരവിലെ ജീവനക്കാരായ ശ്രീമതി.സൂസമ്മ.എം, ശ്രീമതി.ഷൈല.എ.എസ് എന്നിവർക്ക് 10/10/2020 തീയതി പ്രാബല്യത്തിലും, ശ്രീമതി.ലിസിമോൾ.പി-ക്ക് 12/09/2020 തീയതി പ്രാബല്യത്തിലും ശ്രീമതി.നൂർജഹാൻ.എ-ക്ക് 07/09/2020 തീയതി പ്രാബല്യത്തിലും 1/3rd ഹയർ ഗ്രേഡ് അനുവദിച്ചിരിക്കുന്നത് തെറ്റായ തീയതിയിലാണെന്ന് കണ്ടെത്താൻ സാധിച്ചു.

ആയതിനാൽ പരാമർശം 1 പ്രകാരം 1/3rd ഹയർ ഗ്രേഡ് അനുവദിച്ച ശ്രീമതി.സൂസമ്മ.എം, ശ്രീമതി.ഷൈല.എ.എസ്. ശ്രീമതി.ലിസിമോൾ.പി, ശ്രീമതി. നൂർജഹാൻ.എ, എന്നിവർക്ക് ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 1/3rd ഹയർ ഗ്രേഡ് പുതുക്കി അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര് | ജനനത്തിയതി | വിരമിക്കൽ തീയതി | പ്രൊമോഷന് അർഹമായ തീയതി |
|---|---|---|---|---|---|
| 1 | 131 | ശ്രീമതി . സൂസമ്മ .എം | 27/05/1965 | 31/05/2021 | 01/05/2021 |
| 2 | 134 | ശ്രീമതി.ഷൈല.എഎസ് | 12/02/1966 | 28/02/2022 | 01/06/2021 |
| 3 | 142 | ശ്രീമതി .ലിസിമോൾ .പി | 01/01/1968 | 31/01/2024 | 01/06/2021 |
| 4 | 147 | ശ്രീമതി .നൂർജഹാൻ.എ | 20/05/1966 | 31/05/2022 | 01/06/2021 |

പരാമർശം 1 പ്രകാരമുള്ള ഉത്തരവിൽ റാങ്ക് നമ്പർ.148 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.മേബിൾ.ജെ-ക്ക് 1/3rd ഹയർ ഗ്രേഡ് അനുവദിച്ചിരുന്നത് 31/08/2020 പ്രാബല്യത്തിലാണ്. എന്നാൽ മേൽ പരാമർശം 2 പ്രകാരമുള്ള കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് അനുവദിച്ച 1/3rd ഹയർ ഗ്രേഡ് പുനഃ പരിശോധിക്കുകയും ടിയാരിക്ക് 1/3rd ഹയർ ഗ്രേഡിന് അർഹതയില്ല എന്ന് കണ്ടെത്തുകയും ചെയ്തു .

ആയതിനാൽ പരാമർശം 1 പ്രകാരമുള്ള ഉത്തരവിൽ റാങ്ക് നമ്പർ.148 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.മേബിൾ.ജെ 1/3rd ഹയർ ഗ്രേഡ് അനുവദിക്കേണ്ട തീയതിക്ക് മുൻപേ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാരിക്ക് പരാമർശം 1 പ്രകാരം അനുവദിച്ചിരുന്ന 1/3rd ഹയർ ഗ്രേഡ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം 1 പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

Dr REENA K J

Signed by
Dr Reena K J
Date: 24-04-2024 13:44:07

DIRECTOR OF HEALTH SERVICES

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് : 1.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം )ക്കും
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4.ഫയൽ / കരുതൽ ഫയൽ